# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4123 18.10.2011 - ൽ മറുപടിക്ക്**

## കോൺട്രാക്ടർ ശ്രീ. പി.എം. ജോയി ഹാജരാക്കി അപേക്ഷയിന്മേൽ തുടർ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ശ്രീ. പി. എം. ജോയി (ഗവൺമെന്റ് കോൺട്രാക്ടർ) പുതക്കുഴിയിൽ ഹൗസ്, വെള്ളിയാപ്പള്ളി പി.ഒ, കോട്ടയം എന്ന അപേക്ഷകൻ, ക്ലോഷർ എഗ്രിമെന്റ് വെച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് 26-7-2011 - ൽ ഹാജരാക്കിയ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവോ ; | (എ) നാഷണൽ ഹൈവേ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത പണിക്ക് 17.8.2010 - ൽ ക്ലോഷർ എഗ്രിമെന്റ് വച്ചതു പ്രകാരം കരാറുകാരന് അവസാന ബിൽ തുക നൽകുവാൻ ദേശീയ പാത കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരാറുകാരന്റെ 26.7.2011 - ലെ അപേക്ഷയിൽ തുടർ നടപടികൾ എടുക്കുന്നതിനായി ദേശീയപാത ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും ദേശീയപാത കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷയിന്മേലുള്ള തുടർ നടപടികൾ ഏതു ഘട്ടം വരെയായി ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ; | (ബി) മെഷർമെന്റ് ബുക്കുമായി സൂക്ഷ്മ പരിശോധന നടത്തി കരാറുകാരന് അവസാന തുക ഉടൻ തന്നെ നൽകുന്നതിനുള്ള നടപടി നടന്നുവരികയാണ്. ദേശീയപാത ചീഫ് എഞ്ചിനീയറുടെ ഫയൽ നമ്പർ - NH2D3 – 7295/89. |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഫയൽ നമ്പർ - A4 (A2) – 7727/82. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ? | (സി) | ഇതുമായി ബന്ധപ്പെട്ട് പ്രത്യേകം സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.